"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം- മലപ്പുറം ജില്ലയിലെ വാഴക്കാട് കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ്-ൽ 2015-16 വർഷം അനുവദിച്ചിട്ടുള്ള ഹയർ സെക്കന്ററി കൊമേഴ്സ് ബാച്ചിലേയ്ക്ക് (കോഴ്സ് കോഡ് 39) അധ്യാപക തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്**

സ.ഉ.(കൈ) നം.130/2026/GEDN തീയതി,തിരുവനന്തപുരം, 01-08-2026

---

പരാമർശം:-
1. 08.10.2003 തീയതിയിലെ സ.ഉ (സാധാ) നം. 4074/2003/പൊ.വി.വ
2. 25.02.2016 തീയതിയിലെ സ.ഉ (കൈ) നം. 46/2016/പൊ.വി.വ.
3. 30.09.2023 തീയതിയിലെ സ.ഉ (സാധാ) നം. 5656/2023/പൊ.വി.വ.
4. പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി) ഡയറക്ടറുടെ 18.09.2025 തീയതിയിലെ HSE/3617/2023-Acd C3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം വാഴക്കാട് കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ്-ൽ 2015-16 വർഷം ഹയർ സെക്കന്ററി കൊമേഴ്സ് ബാച്ച് (കോഴ്സ് കോഡ് 39) അനുവദിച്ചിരുന്നുവെങ്കിലും തസ്തിക അനുവദിച്ചിരുന്നില്ല. ആവശ്യമായ തസ്തികകൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് മലപ്പുറം വാഴക്കാട് കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ്-ലെ മാനേജർ സർക്കാരിൽ നിവേദനം സമർപ്പിക്കുകയും ടി നിവേദനം നിരസിച്ചതിനെതിരെ ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജി നം.30434/2022 ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ടി റിട്ട് ഹർജിയിന്മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ അംഗീകൃത നോമിനിയേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും നേരിൽ കേൾക്കുകയും മാനേജരുടെ ആവശ്യം നിരസിച്ച് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി.

2) പരാമർശം (1) ഉത്തരവ് പ്രകാരം ഗവ. വി.എച്ച്.എസ്.എസ്. & എച്ച്.എസ്.എസ്. ഫോർ ഡഫ്, ജഗതി, തിരുവനന്തപുരം, ; സി.എസ്.ഐ. വി.എച്ച്.എസ്.എസ്. & എച്ച്.എസ്.എസ്. ഫോർ ഡഫ്, വാളകം കൊല്ലം; മണക്കാല എച്ച്.എസ്.എസ്. ഫോർ ഡഫ് & ഡംബ്, പത്തനംതിട്ട ; കാലിക്കട്ട് സ്കൂൾ ഫോർ ഹാൻഡിക്യാപ്ഡ്, കുളത്തറ, കോഴിക്കോട് എന്നീ 4 സ്കൂളുകളിൽ ഒരു ബാച്ചിലേയ്ക്കാവശ്യമായ മിനിമം, മാക്സിമം കുട്ടികളുടെ എണ്ണം നിശ്ചയിച്ചിട്ടുണ്ടെന്നും ടി ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ് ലും തസ്തിക അനുവദിക്കണമെന്നാവശ്യപ്പെട്ട് മാനേജർ പുന:പരിശോധനാ ഹർജി സമർപ്പിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ അംഗീകൃത നോമിനിയേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും 24.05.2024 തീയതിയിൽ വീണ്ടും നേരിൽ കേൾക്കുകയുണ്ടായി.

3) കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ്-ൽ 2015-16-ൽ അനുവദിച്ചിട്ടുള്ള ഹയർ സെക്കന്ററി കോമേഴ്സ് ബാച്ചിലേയ്ക്ക് (കോഴ്സ് കോഡ് 39) എച്ച്.എസ്.എസ്.റ്റി (ബിസിനസ്സ് സ്റ്റഡീസ് & അക്കൗണ്ടൻസി), എച്ച്.എസ്.എസ്.റ്റി (കമ്പ്യൂട്ടർ ആപ്ലിക്കേഷൻ), എച്ച്.എസ്.എസ്.റ്റി.

(ഇക്കണോമിക്സ്), എച്ച്.എസ്.എസ്.റ്റി-ജൂനിയർ (മലയാളം), എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഇംഗ്ലീഷ്), എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ബിസിനസ്സ് സ്റ്റഡീസ് & അക്കൗണ്ടൻസി) എന്നീ 6 അധ്യാപക തസ്തികകൾ സൃഷ്ടിയ്ക്കാവുന്നതാണെന്ന് പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി) ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ വാഴക്കാട് കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ്-ൽ 2015-16 വർഷം അനുവദിച്ചിട്ടുള്ള ഹയർ സെക്കന്ററി കൊമേഴ്സ് ബാച്ചിലേയ്ക്ക് (കോഴ്സ് കോഡ് 39) എച്ച്.എസ്.എസ്.റ്റി (ബിസിനസ്സ് സ്റ്റഡീസ് & അക്കൗണ്ടൻസി), എച്ച്.എസ്.എസ്.റ്റി (കമ്പ്യൂട്ടർ ആപ്ലിക്കേഷൻ), എച്ച്.എസ്.എസ്.റ്റി. (ഇക്കണോമിക്സ്), എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) മലയാളം, എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഇംഗ്ലീഷ്, എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ബിസിനസ്സ് സ്റ്റഡീസ് & അക്കൗണ്ടൻസി എന്നീ അധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ ഡി സജിത്ത് ബാബു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി) ഡയറക്ടർ, തിരുവനന്തപുരം.
മേഖലാ ഉപമേധാവി, മലപ്പുറം.
മാനേജർ, കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ്, വാഴക്കാട് പി.ഒ, മലപ്പുറം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് [22.07.2026-ലെ E:2427846/EDN-B1/197/2023-FIN പ്രകാരം]
പൊതുഭരണ (എസ്.സി.) വകുപ്പ് [29.07.2026-ലെ ഇനം നം.101 പ്രകാരം]
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Digitally signed by
Sobha D
Date: 01-08-2026
16:57:38
സെക്ഷൻ ഓഫീസർ

***പകർപ്പ്-*** *മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്*
*പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്*
*പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്*



File No. GEDN-R2/404/2023-G.EDN (Computer No. 2599962)
Generated from eOffice by AJAI K NAIR, SG ASST (R2) G.EDN, SG-ASST (R2) G.EDN, General Education on 04/08/2026 02:58 PM

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 29-07-2026

ഫയൽ നം. ആർ2/404/2023/പൊ.വി.വ. ഇനം നം : **101**

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - മലപ്പുറം ജില്ലയിലെ വാഴക്കാട് കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ്-ൽ 2015-16 വർഷം അനുവദിച്ചിട്ടുള്ള ഹയർ സെക്കന്ററി കൊമേഴ്സ് ബാച്ചിലേയ്ക്ക് എച്ച്.എസ്.എസ്.റ്റി.-യുടെ മൂന്നും, എച്ച്.എസ്.എസ്.റ്റി. (ജൂനിയർ)-ന്റെ മൂന്നും അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

101

**കേരള സർക്കാർ**
**(ശ്രീ. വി.ഡി. സതീശൻ മന്ത്രിസഭ)**
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ആർ2/404/2023/പൊ.വി.വ. |
| 2. | വകുപ്പ് | : | പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ് |
| 3. | വിഷയം | : | മലപ്പുറം ജില്ലയിലെ വാഴക്കാട് കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ്-ൽ 2015-16 വർഷം അനുവദിച്ചിട്ടുള്ള ഹയർ സെക്കന്ററി കൊമേഴ്സ് ബാച്ചിലേയ്ക്ക് എച്ച്.എസ്.എസ്.റ്റി.-യുടെ 3 ഉം എച്ച്.എസ്.എസ്.റ്റി. (ജൂനിയർ)-ന്റെ 3 ഉം അധ്യാപക തസ്തികകൾ സൃഷ്ടിയ്ക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 21.07.2026 |
| 5. | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. ഉൾക്കൊളളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ബിന്ദു ആർ. |
| 8. | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ഡോ. ഡി. സജിത്ത് ബാബു |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 27.07.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 28.07.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. എൻ. ഷംസുദ്ദീൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 28.07.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 28.07.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

മലപ്പുറം ജില്ലയിലെ വാഴക്കാട് കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ്-ൽ 2015-16 വർഷം അനുവദിച്ചിട്ടുള്ള ഹയർ സെക്കന്ററി കൊമേഴ്സ് ബാച്ചിലേയ്ക്ക് (കോഴ്സ് കോഡ് 39) എച്ച്.എസ്.എസ്.റ്റി (ബിസിനസ്സ് സ്റ്റഡീസ് & അക്കൗണ്ടൻസി), എച്ച്.എസ്.എസ്.റ്റി (കമ്പ്യൂട്ടർ ആപ്ലിക്കേഷൻ), എച്ച്.എസ്.എസ്.റ്റി. (ഇക്കണോമിക്സ്), എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) മലയാളം, എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഇംഗ്ലീഷ്, എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ബിസിനസ്സ് സ്റ്റഡീസ് & അക്കൗണ്ടൻസി എന്നീ 6 അധ്യാപക തസ്തികകൾ സൃഷ്ടിയ്ക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) മലപ്പുറം വാഴക്കാട് കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ്-ൽ 2015-16 വർഷം ഹയർ സെക്കന്ററി കൊമേഴ്സ് ബാച്ച് (കോഴ്സ് കോഡ് 39) അനുവദിച്ചിരുന്നുവെങ്കിലും തസ്തിക അനുവദിച്ചിരുന്നില്ല. ആവശ്യമായ തസ്തികകൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് മലപ്പുറം വാഴക്കാട് കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ്-ലെ മാനേജർ സർക്കാരിൽ നിവേദനം സമർപ്പിക്കുകയും ടി നിവേദനം നിരസിച്ചതിനെതിരെ ബഹു.ഹൈക്കോടതിയിൽ റിട്ട് ഹർജി നം.30434/2022 ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ടി റിട്ട് ഹർജിയിന്മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ അംഗീകൃത നോമിനിയേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും നേരിൽ കേൾക്കുകയും 30/09/2023-ലെ സ.ഉ. (സാധാ) നം.5656/2023/പൊ.വി.വ പ്രകാരം മാനേജരുടെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുകയുമുണ്ടായി.

3) കേരളത്തിലെ സ്പെഷ്യൽ ഹയർ സെക്കന്ററി സ്കൂളുകളിലെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള മിനിമം എണ്ണം കുട്ടികളെ സൂചിപ്പിക്കുന്ന പൊതുവായ ഉത്തരവുകൾ ഒന്നും തന്നെ നിലവിലില്ല. എന്നാൽ 08.10.2003-ലെ സ.ഉ.(സാധാ)

നം.4074/2003/പൊ.വി.വ ഉത്തരവ് പ്രകാരം Government VHSS & HSS for Deaf, Jagathy, Thiruvananthapuram ; CSI VHSS & HSS for Deaf, Valakom, Kollam ; Manakkala HSS for Deaf and Dumb, Pathanamthitta ; Calicut School for Handicapped, Kulathara, Kozhikode എന്നീ 4 സ്കൂളുകളിൽ ഒരു ബാച്ചിലേക്കാവശ്യമായ മിനിമം, മാക്സിമം കുട്ടികളുടെ എണ്ണം നിശ്ചയിച്ചിട്ടുണ്ട്. ടി ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി ടി സ്കൂളിലും തസ്തിക അനുവദിക്കണമെന്നാവശ്യപ്പെട്ട് മാനേജർ പുന:പരിശോധനാ ഹർജി സമർപ്പിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ അംഗീകൃത നോമിനിയേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും 24.05.2024 തീയതിയിൽ സർക്കാർ വീണ്ടും നേരിൽ കേൾക്കുകയുണ്ടായി.

4) ഓരോ ബാച്ചിനും വേണ്ട മിനിമവും മാക്സിമവും എണ്ണം കുട്ടികളെ നിശ്ചയിച്ചു കൊണ്ടാണ് 08.10.2003-ലെ സ.ഉ.(സാധാ) നം.4074/2003/പൊ.വി.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി ഉത്തരവിന്റെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

*"Government order that the maximum number of students that can be admitted to the Higher Secondary Course per batch in the above schools fixed as 35 for optional subjects and Languages and the minimum number of students per batch is fixed as 12 in optional and 5 in languages."*

5) മേൽ ഉത്തരവിലെ വ്യവസ്ഥകൾ കണക്കിലെടുക്കുമ്പോൾ കാരുണ്യ ഭവൻ സ്കൂളിൽ കഴിഞ്ഞ വർഷങ്ങളിൽ 12-ൽ കൂടുതൽ കുട്ടികൾ ലഭ്യമാണ്. ബധിരരും മൂകരുമായ കുട്ടികളായതിനാൽ ഓരോ കുട്ടിയ്ക്കും വ്യക്തിഗത ശ്രദ്ധ നല്കേണ്ടതിനാൽ "മിനിമം എണ്ണം കുട്ടികളുടെ കുറവ്" എന്ന തടസ്സവാദം ഒഴിവാക്കി 08.10.2003-ലെ സ.ഉ.(സാധാ) നം.4074/2003/പൊ.വി.വ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി മലപ്പുറം വാഴക്കാട് കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ്-ന് തസ്തികകൾ അനുവദിയ്ക്കുന്നത് സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞപ്പോൾ ധനകാര്യ

വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

*"നിലവിലെ ചട്ടപ്രകാരം തസ്തികകൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ വിദ്യാർത്ഥികൾ മലപ്പുറം ജില്ലയിലെ വാഴക്കാട് കാരുണ്യഭവൻ ബധിര ഹയർ സെക്കണ്ടറി സ്കൂളിൽ ഇല്ലാത്ത സാഹചര്യത്തിൽ തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകിയാൽ സമാനമായ മറ്റു സ്കൂളുകളും ഇതേ ആവശ്യമുന്നയിക്കാവുന്നതും അധികബാധ്യത ഉണ്ടാകുന്നതുമാണ് എന്നതിനാലും സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിലും മേൽ ശിപാർശ അംഗീകരിക്കുവാനാകില്ല എന്ന വിവരം ഭരണ വകുപ്പിനെ അറിയിക്കുന്നു.*

*മേൽ തീരുമാനത്തിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്. "*

6) പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനു പ്രത്യേക പരിഗണന നൽകേണ്ടതുള്ളതിനാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത പ്രകാരം മലപ്പുറം വാഴക്കാട് കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ്-ൽ 2015-16-ൽ അനുവദിച്ചിട്ടുള്ള ഹയർ സെക്കന്ററി കോമേഴ്സ് ബാച്ചിന് (കോഴ്സ് കോഡ് 39) പ്രവർത്തിക്കാനാവശ്യമായ മിനിമം അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം 16.07.2025-ൽ കൂടിയ മന്തിസഭാ യോഗം ഇനം നം.3111 ആയി പരിഗണിക്കുകയും ചുവടെ ചേർക്കും പ്രകാരം തീരുമാനമാക്കുകയും ചെയ്തു.

***"ഇക്കാര്യം ഭരണ വകുപ്പ് ഒരിക്കൽ കൂടി വിശദമായി പരിശോധിച്ച ശേഷം പുതുക്കിയ കുറിപ്പുകൾ മന്ത്രിസഭാ യോഗം മുമ്പാകെ കൊണ്ടു വരേണ്ടതാണ്" .***

7) കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ്-ൽ 2015-16-ൽ അനുവദിച്ചിട്ടുള്ള ഹയർ സെക്കന്ററി കോമേഴ്സ് ബാച്ചിലേക്ക് (കോഴ്സ് കോഡ് 39) അധ്യാപക തസ്തികകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ലെന്നും ചുവടെ ചേർക്കുന്ന തസ്തികകൾ അനുവദിക്കാവുന്നതാണെന്നുമുള്ള ശിപാർശ സഹിതം, 2021-22 മുതൽ 2025-26 വരെയുള്ള അധ്യയന വർഷങ്ങളിലെ കുട്ടികളുടെ എണ്ണവും രേഖപ്പെടുത്തി

പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി) ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

| കോഴ്സ് കോഡ് | 2021-22 | | 2022-23 | | 2023-24 | | 2024-25 | | 2025-26 | |
|---|---|---|---|---|---|---|---|---|---|---|
| 39 | XI | XII | XI | XII | XI | XII | XI | XII | XI | XII |
| | 15 | 14 | 18 | 15 | 16 | 18 | 20 | 16 | 27 | 20 |

| അനുവദിക്കേണ്ട ആകെ തസ്തികകളുടെ എണ്ണം | 6 | |
|---|---|---|
| അനുവദിക്കേണ്ട തസ്തികകളുടെ വിവരം | എണ്ണം | ശമ്പളം |
| HSST ബിസിനസ്സ് സ്റ്റഡീസ് & അക്കൗണ്ടൻസി | 1 | 55200/- |
| HSST കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | 1 | 55200/- |
| HSST ഇക്കണോമിക്സ് | 1 | 55200/- |
| HSST (ജൂനിയർ) മലയാളം | 1 | 45600/- |
| HSST (ജൂനിയർ) ഇംഗ്ലീഷ് | 1 | 45600/- |
| HSST (ജൂനിയർ) ബിസിനസ്സ് സ്റ്റഡീസ് & അക്കൗണ്ടൻസി | 1 | 45600/- |
| ആകെ | 6 | 3,02,400/- |
| ഡി.എ 18% | | 54,432/- |
| പ്രതിമാസ ബാധ്യത | | 3,56,832/- |
| പ്രതിവർഷ സാമ്പത്തിക ബാധ്യത | | 42,81,984/- |

8) 18.09.2025-ൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ടി സ്കൂളിലെ കൊമേഴ്സ് ബാച്ചിൽ 6 തസ്തികകൾ അനുവദിക്കുമ്പോൾ പ്രതിവർഷം ഏകദേശം 42,81,984/- രൂപയുടെ (നാൽപ്പത്തി രണ്ട് ലക്ഷത്തി എൺപത്തി ഒന്നായിരത്തി തൊള്ളായിരത്തി എൺപത്തി നാല് രൂപ മാത്രം) സാമ്പത്തിക ബാധ്യതയുണ്ടാകും.

9) പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി) ഡയറക്ടർ ശിപാർശ ചെയ്ത 6 അധ്യാപക തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് അഭിപ്രായത്തിനായി ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ, പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ധനകാര്യ വകുപ്പിന്റെ ഫയലിൽ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടതിൻ പ്രകാരം പ്രസ്തുത വകുപ്പ് ചുവടെ ചേർത്തിട്ടുള്ള അഭിപ്രായത്തോടെ ഫയൽ മടക്കി നൽകുകയുണ്ടായി.:-

*"മലപ്പുറം വാഴക്കാട് കാരുണ്യ ഭവൻ സ്കൂളിൽ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതാണെന്ന വിവരം ഭരണ വകുപ്പിനെ അറിയിക്കുന്നു.*

മേൽ തീരുമാനത്തിന് ബഹു.മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ട്. "

**<u>തീരുമാനിക്കേണ്ട വിഷയം</u>**

മലപ്പുറം ജില്ലയിലെ വാഴക്കാട് കാരുണ്യ ഭവൻ സ്കൂൾ ഫോർ ദ ഡഫ് -ൽ 2015-16 വർഷം അനുവദിച്ചിട്ടുള്ള ഹയർ സെക്കന്ററി കൊമേഴ്സ് ബാച്ചിലേയ്ക്ക് (കോഴ്സ് കോഡ് 39) എച്ച്.എസ്.എസ്.റ്റി (ബിസിനസ്സ് സ്റ്റഡീസ് & അക്കൗണ്ടൻസി), എച്ച്.എസ്.എസ്.റ്റി (കമ്പ്യൂട്ടർ ആപ്ലിക്കേഷൻ), എച്ച്.എസ്.എസ്.റ്റി. (ഇക്കണോമിക്സ്), എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) മലയാളം, എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഇംഗ്ലീഷ്, എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ബിസിനസ്സ് സ്റ്റഡീസ് & അക്കൗണ്ടൻസി എന്നീ 6 അധ്യാപക തസ്തികകൾ സൃഷ്ടിക്കാമോ ?